# PRE - MODEL EVALUATION - 2017

Std. X

## SOCIAL SCIENCE

Time : 2½ hrs
Total Score : 80

*നിർദ്ദേശങ്ങൾ:*

- *പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം വിനിയോഗിക്കേണ്ടതാണ്.*
- *ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരം എഴുതുക.*
- *ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.*
- PART - A *യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.* PART- B *യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.*

### PART - A

1. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ മൂന്ന് ഫലങ്ങൾ എഴുതുക. 3

2. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിദ്യാഭ്യാസ പുരോഗതിയ്ക്ക് വഴിതെളിച്ച വിദ്യാഭ്യാസ കമ്മീഷനുകൾ ഏതെല്ലാം? അവ മുന്നോട്ടുവെച്ച ഓരോ പ്രധാന ശുപാർശകളും എഴുതുക. 3

3. ചുവടെ നൽകിയിട്ടുള്ളവയിൽ തെറ്റായ ജോടി ഏതാണ്? 1

   a) V. D സവർക്കർ - അഭിനവ് ഭാരത് സൊസൈറ്റി
   b) ബരീന്ദർ കുമാർ ഘോഷ് - അനുശീലൻ സമിതി
   c) അരുണാ ആസഫലി - ഗദ്ദാർ പാർട്ടി
   c) സൂര്യസെൻ - ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി

4. ചുവടെ കൊടുത്തിട്ടുള്ളവയിൽ 1954 ൽ നടന്ന പ്രധാന സംഭവം ഏതാണ്? 1

   a) ഫ്രാൻസിന്റെ കീഴിലുണ്ടായിരുന്ന പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം എന്നിവ ഇന്ത്യയോടു കൂട്ടിച്ചേർത്തു.
   b) പോർട്ടുഗലിന്റെ കീഴിലുണ്ടായിരുന്ന ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങൾ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.
   c) ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ നിലവിൽ വന്നു.
   d) പഞ്ചവത്സര പദ്ധതിക്ക് തുടക്കമായി.

5. A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. 4

| A | B | C |
|---|---|---|
| സഞ്ചാര സ്വാതന്ത്ര്യം | മുഹമ്മദ് അബ്ദുൽ റഹിമാൻ | 1888 |
| ആരാധന സ്വാതന്ത്ര്യം | T. K മാധവൻ | ഉപ്പുസത്യാഗ്രഹം |
| ശിവപ്രതിഷ്ഠ | ശ്രീനാരായണഗുരു | ഗുരുവായൂർ സത്യാഗ്രഹം |
| കോഴിക്കോട് | K. കേളപ്പൻ | വൈക്കം സത്യാഗ്രഹം |

6. കേരളത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഇംഗ്ലീഷ് മിഷനറി സംഘങ്ങൾ ഏതെല്ലാം? അവരുടെ പ്രവർത്തന മേഖലകൾ എവിടെ? 3

7. രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി പട്ടിക പൂർണ്ണമാക്കുക. 3

| | |
|---|---|
| ദൈവദത്ത സിദ്ധാന്തം | രാഷ്ട്രം ദൈവ സൃഷ്ടിയാണ്. രാജാവ് ദൈവത്തിന്റെ പ്രതിപുരുഷൻ |
| .........?.......... | ........................?........................ |
| .........?.......... | ........................?........................ |
| .........?.......... | ........................?........................ |

8. സമൂഹശാസ്ത്ര പഠനത്തിൽ ഉപയോഗിക്കുന്ന പഠനരീതികളാണ് പങ്കാളിത്ത നിരീക്ഷണവും പങ്കാളിത്ത രഹിത നിരീക്ഷണവും. ഇവ തമ്മിലുള്ള വ്യത്യാസം എന്ത്? 2

9. ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തര പർവത മേഖലയുടെ പങ്ക് വ്യക്തമാക്കുക. 4

10. കാർഷിക കാലങ്ങളെ വിശകലനം ചെയ്താൽ നവംബർ മാസത്തിന്റെ പ്രാധാന്യം എഴുതുക. 2

11. ഇന്ത്യയിലെ ഏതു പട്ടണത്തെയാണ് കോട്ടണോ പോളീസ് എന്നറിയപ്പെടുന്നത്? എന്തുകൊണ്ട്? 2

12. കുറഞ്ഞ വരുമാനക്കാരെയും ചെറുകിട വ്യവസായികളെയും കുടിയേറ്റത്തൊഴിലാളികളെയും സഹായിക്കാനായി രൂപംകൊണ്ടവയാണ് പെയ്മെന്റ് ബാങ്കുകൾ. ഇത്തരം ബാങ്കുകളുടെ സവിശേഷതകൾ എഴുതുക. 4

13. വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിൽ വിവിധ പദ്ധതികൾക്കുള്ള പങ്ക് ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക. 4

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി | •..................(a)................ <br> •..................(b)................ |
| ................(A).................. | •സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക <br> •..................(c)................ |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ | •..................(d)................ <br> •വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപെടുത്തുക |

14. ചുവടെ സൂചിപ്പിട്ടുള്ള വിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ യഥാസ്ഥാനത്ത് അടയാളപ്പെടുത്തി പേരെഴുതുക. 4

A - മാൽവ പീഠഭൂമിയെ രാജസ്ഥാൻ മരുഭൂമിയിൽ നിന്നും വേർതിരിക്കുന്ന പർവത നിര

B - ഇന്ത്യയുടെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന തുറമുഖം

C - മൈക്കാല നിരകളിൽ നിന്നും ഉത്ഭവിച്ച് കിഴക്കോട്ടൊഴുകുന്ന നദി

D - ഛത്തീസ്ഗഡിൽ സ്ഥിതിചെയ്യുന്ന ഇരുമ്പുരുക്ക് ശാല

## PART - B

15 A. "ഫ്രാൻസ് തുമ്മിയാൽ യൂറിപ്പിനാകെ ജലദോഷം പിടിക്കും."
ആസ്ട്രിയൻ ഭരണാധികാരിയായിരുന്ന മെറ്റേർണിക്കിന്റെ ഈ അഭിപ്രായത്തിന്റെ പിന്നിലെ വസ്തുതകൾ വിശകലനം ചെയ്തു കുറിപ്പെഴുതുക. 4

അല്ലെങ്കിൽ

B. 'പുരുഷന് യുദ്ധം സ്ത്രീകൾക്ക് മാതൃത്വം എന്നതുപോലെയാണ്.'
a) ആരുടെ വാക്കുകളാണിത്?
b) ഈ വാക്കുകളുടെ പിന്നിലെ വസ്തുതകൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

16 A. രണ്ടാം ലോകയുദ്ധം മാനവരാശിക്ക് ബാക്കിവച്ചത് ദൂരവ്യാപകഫലങ്ങളായിരുന്നു. സമർഥിക്കുക. 4

അല്ലെങ്കിൽ

B. റഷ്യയിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽവരാനുള്ള സാഹചര്യം വിശദീകരിക്കുക.

17 A. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിനുള്ള കാരണങ്ങൾ എന്തെല്ലാം? വിശദീകരിക്കുക. 6

അല്ലെങ്കിൽ

B. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലനിന്ന വിവിധ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം എഴുതുക.

18 A. ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള മൂന്ന് നേട്ടങ്ങൾ എഴുതുക. 3

അല്ലെങ്കിൽ

B. പൗരബോധം രൂപപ്പെടുത്തുന്നതിനായി വിദ്യാലയങ്ങളിൽ നടക്കുന്ന മൂന്ന് പ്രവർത്തനങ്ങൾ രേഖപ്പെടുത്തുക.

19 A. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്ര പഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താനാകും? 3

അല്ലെങ്കിൽ

B. ഇന്ത്യയിലെ സിവിൽ സർവീസിന്റെ സവിശേഷതകൾ വിശദീകരിച്ച് കുറിപ്പെഴുതുക.

20 A. ചുവടെ സൂചിപ്പിച്ചിട്ടുള്ള ദിവസങ്ങളിൽ ഉത്തരാർധ ഗോളത്തിൽ അനുഭവപ്പെടുന്ന രാത്രിയുടെയും പകലിന്റെയും ദൈർഘ്യം ഏതുവിധമാണ്? എന്തുകൊണ്ട്? 3
a) സെപ്റ്റംബർ 23 b) ജൂൺ 21 c) ഡിസംബർ 22


അല്ലെങ്കിൽ

B. ചുവടെ കൊടുത്തിട്ടുള്ള പ്രദേശങ്ങളിൽ വീശുന്ന പ്രാദേശിക വാതങ്ങളുടെ പേരെഴുതുക.
a) സഹാറ മരുഭൂമി b) ആൽപ്സ് പർവതനിര c) റോക്കീസ് പർവതനിര

21 A. താപീയ ഘടകത്തിന്റെ ഫലമായി രൂപംകൊള്ളുന്ന മർദമേഖലകൾ ഏതെല്ലാം? വിശദീകരിക്കുക. 3

അല്ലെങ്കിൽ

B. ചുവടെ ചില രേഖാംശരേഖകൾ ചിത്രീകരിച്ചിരിക്കുന്നു. ഗ്രീനിച്ച് രേഖയിലെ സമയം രേഖപ്പെടുത്തിയിരിക്കുന്നു. ഈ സമയത്തെ അടിസ്ഥാനമാക്കി A, B, C രേഖാംശങ്ങളിലെ പ്രാദേശിക സമയം കണക്കാക്കി എഴുതുക.




jiniantonyv@gmail.com 9946899557

22 A. വിവിധ പൊതുവരുമാന മാർഗ്ഗങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്. അവയെ പ്രത്യക്ഷ നികുതികൾ, പരോക്ഷ നികുതികൾ, നികുതിയേതര വരുമാന സ്രോതസ്സുകൾ എന്നിങ്ങനെ തരംതിരിച്ചെഴുതുക. 3

- ഫീസ് •എക്സൈസ് ഡ്യൂട്ടി •കോർപ്പറേറ്റ് നികുതി •ഗ്രാന്റ്
- വ്യക്തിഗത ആദായ നികുതി •വിനോദ നികുതി

അല്ലെങ്കിൽ

B. ഉപഭോക്തൃതർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾവഴി ലഭിക്കുന്ന മൂന്ന് പരിഹാരങ്ങൾ എഴുതുക.

23 A. 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം ഉപഭോക്താക്കൾക്ക് നൽകുന്ന അവകാശങ്ങൾ എന്തെല്ലാം? 4

അല്ലെങ്കിൽ

B. ബജറ്റിൽ ഉൾപ്പെടുത്തിക്കാണുന്ന പ്രധാന സർക്കാർ ചെലവുകൾ ഏതെല്ലാം? പട്ടിക തയാറാക്കുക.

24 A. ചുവടെ സൂചിപ്പിച്ചിട്ടുള്ള ഭൂവിവരങ്ങളെ ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന നിറങ്ങൾ എഴുതുക. 4

a) പാർപ്പിടങ്ങൾ b) സസ്യജാലങ്ങൾ c) റെയിൽവേ d) ജലാശയങ്ങൾ

അല്ലെങ്കിൽ


B. ഇത് ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവര ശേഖരണത്തിന് സാധിക്കുന്നു.

a) ഏതു തരം ഉപഗ്രഹമാണിത്?

b) ഇത്തരം ഉപഗ്രഹങ്ങളുടെ സവിശേഷതകൾ എന്ത്?

c) ഇവ എന്തെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു?

25 A. ചുവടെ നൽകിയിട്ടുള്ള കോണ്ടൂർ രേഖകൾ വിശകലനം ചെയ്ത് ഭൂരൂപം ചിത്രീകരിക്കുക. 3




അല്ലെങ്കിൽ

B. ആകാശീയ വിദൂര സംവേദനത്തിന്റെ പരിമിതികൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർണ്ണമാക്കുക.

